"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് -വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ.)- ജി.സി.ഡി.എ.-യുടെ ഉടമസ്ഥതയിലുള്ള എളംകുളം വില്ലേജിലെ സർവ്വേ നമ്പർ 906/1-ൽപ്പെട്ട 44.5 ച.മീറ്റർ സ്ഥലം - ശ്രീ. സണ്ണി വി.ആർ-ന് കൈമാറുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.57/2026/LSGD തീയതി,തിരുവനന്തപുരം, 07-01-2026

---

പരാമർശം:- 1. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 09.02.2023, 02.03.2024, 22.04.2024, 31.07.2024, 19.10.2024, 07.01.2025, 19.04.2025, 28.10.2025 എന്നീ തീയതികളിലെ 8176/എസ്റ്റേറ്റ്/ബി.1/2011/ജി.സി.ഡി.എ. നമ്പർ കത്തുകൾ.

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള എളംകുളം വില്ലേജ് സർവ്വേ നമ്പർ 906/1 ൽ പെട്ട 44.50 ച.മീറ്റർ സ്ഥലം ബഹു. മുൻ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ഉൾപ്പെടുത്തി ശ്രീ. സണ്ണി വി.ആർ-ന് അനുവദിക്കുന്നതിനായി 27/10/2014-ലെ ജിസിഡിഎ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചതായും, ശ്രീ. സണ്ണി വി.ആർ-ന് അനുവദിക്കേണ്ട 44.5 ച.മീറ്റർ സ്ഥലത്തിന്റെ (1.099 സെന്റ്) ന്യായ വില 11,72,920/- രൂപയാണെന്നും, എന്നാൽ ബഹു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ അപേക്ഷ ലഭിച്ചതിൻ പ്രകാരം സെന്റ് ഒന്നിന് ഔദാര്യവിലയായ 2 ലക്ഷം രൂപ നിരക്കിൽ അനുവദിച്ചുനൽകാനാണ് ജിസിഡിഎ തീരുമാനിച്ചിരിക്കുന്നതെന്നും, ആയതിൻ പ്രകാരം ശ്രീ.സണ്ണി.വി.ആർ അതോറിറ്റിയിൽ 2,19,800/- രൂപ അടവാക്കിയിട്ടുള്ളതായും പരാമർശിത കത്തുകൾ പ്രകാരം ജിസിഡിഎ സെക്രട്ടറി അറിയിച്ചിരുന്നു.

2) ശ്രീ.സണ്ണി.വി.ആർ-ന് നൽകാനുദ്ദേശിക്കുന്ന സ്ഥലം ജിസിഡിഎ തനത് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുത്തിട്ടുള്ളതും, ശ്രീ.സണ്ണി, പ്രസ്തുത സ്ഥലത്തെ താമസക്കാരനാണെന്നും, ടിയാന് സ്വന്തമായി ഭൂമി ഇല്ലെന്നും എളംകുളം വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും, ജില്ലാ കളക്ടറുടെ നിരാക്ഷേപപത്രം ലഭ്യമാക്കിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ, പ്രസ്തുത സ്ഥലം ശ്രീ.സണ്ണി.വി.ആർ-ന് കൈമാറുവാൻ അനുമതി നൽകണമെന്ന് അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് നിയമവും ചട്ടങ്ങളും പ്രകാരം ശ്രീ. സണ്ണി വി.ആർ-ന് എളംകുളം വില്ലേജ് സർവ്വേ നമ്പർ 906/1-ൽ പെട്ട 44.50 ച.മീറ്റർ (1.099 സെന്റ്) സ്ഥലം കൈമാറുന്നതിന് ജിസിഡിഎ സെക്രട്ടറിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

സെക്രട്ടറി , വിശാല കൊച്ചി വികസന അതോറിറ്റി
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്
റവന്യൂ (എ) വകുപ്പ്
ജില്ലാ കളക്ടർ , എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ & ഇ ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ / ഇ &ആർ.എസ്.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂമീഡിയ വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (IA3/62/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 08-01-2026 10:56:18
സെക്ഷൻ ഓഫീസർ